# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2717      19.07.2011 ൽ മറുപടിക്ക്

### ട്രഷറി നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാൻ നടപടിയും

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു
ശ്രീ. രാജു എബ്രഹാം
ശ്രീ. എളമരം കരീം
ശ്രീ. ബാബു. എം. പാലിശ്ശേരി

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ.) | കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടയിൽ ആദ്യമായി കഴിഞ്ഞ അഞ്ച് വർഷവും തുടർച്ചയായി സംസ്ഥാന ഖജനാവ് ഓവർ ഡ്രാഫ്റ്റിലാവാതെയും, വെയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ഇല്ലാതെയും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അതിന്റെ തുടർച്ച ഉറപ്പാക്കാൻ ശ്രമിക്കുമോ ; | ഇല്ല. 2006-07, 2007-08 വർഷങ്ങളിൽ ചില സന്ദർഭങ്ങളിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിരുന്നു. 2006-07 മുതലുള്ള 4 വർഷങ്ങളിൽ വെയ്സ് & മീൻസ് നിയന്ത്രണങ്ങളും വ്യത്യസ്ത തോതിൽ ഏർപ്പെടുത്തിയിരുന്നു. വെയ്സ് & മീൻസ് അഡ്വാൻസിനെയും ഓവർഡ്രാഫ്റ്റിനെയും ആശ്രയിക്കാതെ തന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിന് ശ്രമിക്കുന്നതാണ്. |
| (ബി.) | സംസ്ഥാനത്തിന്റെ സ്വന്തം വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നിലയിലുള്ള ശ്രമങ്ങൾ നടത്താനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | ബജറ്റ് പ്രസംഗത്തിൽ, 615.75 കോടിരൂപയുടെ അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. . |
| (സി.) | സംസ്ഥാനത്തിന്റെ സ്വന്തം വരുമാനം ചോർന്നു പോകാൻ സാദ്ധ്യതയുള്ളതായി കരുതുന്ന മേഖലകൾ ഏതൊക്കെയാണ് ; വ്യക്തമാക്കുമോ ? | വരുമാനചോർച്ചക്ക് സാധ്യതയുള്ള മേഖലകൾ ഏതൊക്കെയെന്ന് പരിശോധിച്ചുവരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ